# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

09.07.2014 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6563

## തൃക്കരിപ്പൂർ സഹകരണ എൻജിനീയറിംഗ് കോളേജിൽ ഐ.ടി. കോഴ്സ് നിലനിർത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) തൃക്കരിപ്പൂർ സഹകരണ എൻജിനീയറിംഗ് കോളേജിൽ ഇപ്പോൾ നിലവിലുള്ള ഐ.ടി. & ബി.ടെക് കോഴ്സ് നിർത്തലാക്കാൻ യൂണിവേഴ്സിറ്റി തലത്തിൽ (കുസാറ്റ്) തീരുമാനിച്ചിട്ടുണ്ടോ; | (എ) തൃക്കരിപ്പൂർ സഹകരണ എൻജിനീയറിംഗ് കോളേജിൽ ഇപ്പോൾ നിലവിലുള്ള ബി.ടെക് കോഴ്സിലെ ഐ.ടി. ബ്രാഞ്ച് ഒന്നാം വർഷത്തെ കോഴ്സ് നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ കോഴ്സ് നിലനിർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ബി) നിലവിൽ ഐ.ടി ബ്രാഞ്ചിൽ 3 സ്ഥിരാധ്യാപകരാണുള്ളത്. അധ്യാപകരുടെ എണ്ണം കൂട്ടുന്നതിനുവേണ്ടി ഒരു സ്ഥിരാധ്യാപകനേയും 3 അഡ്ഹോക്ക് അധ്യാപകരേയും നിയമിക്കുകയും പ്രസ്തുത വിവരം ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ